**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കൊല്ലം നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ജീവനക്കാർക്കെതിരായി അരംഭിച്ച അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 96/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 19.01.2019

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22.04.2014 തീയതിയിലെ ഇ 2(എസ്.സി 59/13/കെഎൽഎം) 32315/13 നം. കത്ത്
2.സർക്കാരിന്റെ 09.01.2016 തീയതിയിലെ 58547/ഇയു2/14/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. നഗരകാര്യ ഡയറക്ടറുടെ 29.09.2018 തീയതിയിലെ വി1-2315/16/ഡിയുഎ നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കൊല്ലം നഗരസഭയിൽ വിജിലൻസ് & ആൻറി കറപ്ഷൻ ബ്യൂറോ 'ഓപ്പറേഷൻ സർവ്വീസ് റൈറ്റ്' എന്ന പേരിൽ 09/09/2013-ൽ നടത്തിയ മിന്നൽ പരിശോധനയിൽ ജീവനക്കാരുടെ അനധികൃത അവധി, ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ ശരിയായ വിധം സൂക്ഷിക്കാത്തത്, വാർദ്ധക്യകാല പെൻഷൻ വിതരണത്തിലുള്ള കാലതാമസം, സേവനാവകാശ നിയമം സംബന്ധിച്ച ബോർഡ് പ്രദർശിപ്പിക്കാത്തത് തുടങ്ങിയ കൃത്യവിലോപങ്ങൾ കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ ടി നഗരസഭയിലെ 16 ജീവനക്കാർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. ആയതിന് സമർപ്പിച്ച പ്രതിവാദ പത്രികയിൽ കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട് പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് പ്രകാരം അനധികൃതമായി ഹാജരില്ലാതെ വന്നിട്ടുള്ള ശ്രീ. കെ.ജി. ജേക്കബ്,സൂപ്രണ്ട്, ശ്രീമതി. എസ്. കലാകുമാരി, എൽ.ഡി ക്ലർക്ക്, ശ്രീ. പി. മധു, ബിൽ കളക്ടർ, ശ്രീ. ടി. അനിൽ കുമാർ, ബിൽ കളക്ടർ, ശ്രീമതി. റ്റി. മാലിനി, ശ്രീമതി. സുബി ആർ.,സീനിയർ ക്ലർക്ക്, ശ്രീ. ജി അനി, ഓഫീസ് അറ്റൻഡന്റ്, ശ്രീ. രവീന്ദ്രൻ നായർ,റവന്യൂ ഇൻസ്പെക്ടർ, ശ്രീമതി. ഷീല എസ്., നഴ്സറി സ്കൂൾ ടീച്ചർ, എന്നിവർ മനഃപൂർവ്വമല്ലാത്ത വിവിധ കാരണങ്ങളാൽ ആകസ്മിക അവധി എടുത്തിട്ടുള്ളതാണെന്നും ടിയാളുകളുടെ

മറുപടികൾ പ്രകാരം റിപ്പോർട്ട് ചെയ്തിരിക്കുന്നു. കൂടാതെ ശ്രീ. കെ. മനോഹരൻ, സൂപ്രണ്ട്, ശ്രീമതി. ലക്ഷ്മി എസ്., സൂപ്രണ്ട്, ശ്രീ. ബി വരദരാജൻ,സൂപ്രണ്ട്, ശ്രീ. ഷജിൽ കുമാർ, ഹെൽത്ത് ഇൻസ്പെക്ടർ, ശ്രീ. ജി. ശശിധരൻ പിള്ള കൗൺസിൽ സെക്രട്ടറി എന്നിവർ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ ശരിയാംവണ്ണം സൂക്ഷിച്ചിരുന്നില്ല എന്നത് വാസ്തവമാണെങ്കിലും തുടർന്ന് രജിസ്റ്റർ യഥാവിധി സൂക്ഷിച്ചുവരുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. സി. രാജശേഖരൻ, സൂപ്രണ്ട്, ശ്രീ. എസ്. സൈജു, ബിൽ കളക്ടർ എന്നിവർ അപേക്ഷകളിൽ നടപടിയെടുക്കാതെ സൂക്ഷിച്ചുവെന്നതു ഗുരുതരമായ ആരോപണമാണെങ്കിലും ആപ്ലിക്കേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്താതെ വന്നതുകൊണ്ടാണ് കുറ്റാരോപണം ഉണ്ടായിട്ടുള്ളത് എന്ന് വിശദീകരിച്ചിട്ടുള്ളതാണ് എന്ന് അറിയിച്ചിരുന്നു.

3. സൂപ്രണ്ടായിരുന്ന ശ്രീമതി. ലക്ഷ്മി എസ്., ഹെൽത്ത് ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. പി. ഷജിൽ കുമാർ എന്നിവർ പരിശോധനാ ദിവസം പേഴ്സണൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്ററിൽ തങ്ങളുടെ കൈവശമുള്ള തുക രേഖപ്പെടുത്തിയിട്ടില്ലാ എന്നാണ് കണ്ടെത്തിയിട്ടുള്ളത് എന്നും ആയത് ഗുരുതരമായ കൃത്യവിലോപമായതിനാൽ ടി ജീവനക്കാർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാവുന്നതാണ് എന്നും, എൽ.ഡി. ക്ലാർക്കായിരുന്ന ശ്രീമതി. എസ്. കലാകുമാരി, ബിൽ കളക്ടർമാരായിരുന്ന ശ്രീ. ടി. അനിൽ കുമാർ, ശ്രീ. പി. മധു, സീനിയർ ക്ലാർക്കായ ശ്രീമതി. സുബി ആർ., ഓഫീസ് അറ്റൻഡന്റുമാരായിരുന്ന ശ്രീമതി. ടി. മാലിനി, ശ്രീ. ജി അനി എന്നിവർ വിജിലൻസ് പരിശോധനാ ദിവസം ഓഫീസിൽ അനധികൃതമായി ഹാജരില്ലായിരുന്നു എന്നതിന് ടി ജീവനക്കാരുടെ മറുപടികളിൽ ഉന്നയിച്ചിരിക്കുന്ന വസ്തുതകൾ പരിഗണിച്ച് തുടർനടപടികളിൽ നിന്ന് ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.. എന്നാൽ ബിൽ കളക്ടർ ആയിരുന്ന ശ്രീ. എസ്. സൈജു വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനു വേണ്ടി സമർപ്പിച്ചിരുന്ന അപേക്ഷകളിന്മേൽ നടപടികൾ പൂർത്തീകരിക്കാതെ കാലതാമസം വരുത്തിയെന്നതിന് ടിയാൻ സമർപ്പിച്ചിട്ടുള്ള മറുപടി പരിഗണനാർഹമല്ലാത്തതിനാൽ ടിയാന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയ്ക്ക് ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ അഭിപ്രായപ്പെടുന്നു. കൂടാതെ വിരമിച്ചിട്ടുള്ള 7 ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികൾ ടിയാളുകളുടെ മറുപടികൾ പരിഗണിച്ച് ഒഴിവാക്കാവുന്നതാണെന്നും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോ, ആയതിൻമേലുള്ള ജീവനക്കാരുടെ പ്രതിവാദപത്രിക, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം പരിശോധിച്ചു. വിജിലൻസിന്റെ അന്വേഷണത്തിൽ അനധികൃത ഹാജരില്ലായ്മ എന്ന ക്രമക്കേടിന് ഉത്തരവാദികളെന്ന് കണ്ടെത്തിയിരുന്നവരിൽ, ബിൽ കളക്ടർമാരായ ശ്രീ ടി അനിൽകുമാർ, ശ്രീ പി മധു, എൽ.ഡി.സി കലാകുമാരി, സുബി കെ. എന്നിവർ ഫോണിലൂടെ പോലും അവധി സംബന്ധിച്ച വിവരം മേലധികാരികളെ യഥാസമയം അറിയിച്ചിരുന്നില്ല എന്ന് കാണുന്നു. എന്നാൽ ശ്രീമതി എസ് ഷീല, ശ്രീ കെ.ജി ജേക്കബ്ബ്, ശ്രീ ജെ രവീന്ദ്രൻനായർ എന്നിവർ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതായും ഓഫീസ് അറ്റന്റന്റ് ശ്രീമതി എസ് മാലിനി, ജി അനി എന്നിവർ

ടെലിഫോണിലൂടെ അവധിക്കാര്യം അറിയിച്ചിരുന്നുവെന്നും പിറ്റേദിവസം അവധി അപേക്ഷ നൽകിയിരുന്നുവെന്നും കാണുന്നു.

5. വിജിലൻസിന്റെ അന്വേഷണത്തിൽ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ ശരിയാംവിധം സൂക്ഷിച്ചില്ല എന്ന ക്രമക്കേടിന് ചുവടേ കാണുന്നവർ ഉത്തരവാദികളെന്ന് കണ്ടെത്തിയിരുന്നവരിൽ ജനറൽ സെക്ഷൻ സൂപ്രണ്ട് ശ്രീമതി ലക്ഷ്മി, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ഷിജിൽ കുമാർ എന്നിവർ ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല എന്ന് അവരുടെ എതിർവാദ പത്രികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ശ്രീ.ജി.ശശിധരൻപിള്ള, ശ്രീ.മനോഹരൻ, ശ്രീ.വരദരാജൻ എന്നിവർ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളവരാണ്.

6. വിജിലൻസിന്റെ അന്വേഷണത്തിൽ വാർദ്ധക്യകാല പെൻഷനുവേണ്ടിയുള്ള അപേക്ഷകളിൽ കാലതാമസം വരുത്തിയെന്ന ക്രമക്കേടിന് സി.രാജശേഖരൻ, സെക്ഷൻ സൂപ്രണ്ട്, ശ്രീ എസ് ഷൈജു, ക്ലാർക്ക് എന്നിവർക്കെതിരെയാണ് മെമ്മോ നൽകിയിരുന്നത്. അപേക്ഷകളിൽ യഥാസമയം തീരുമാനം എടുത്തിരുന്നുവെന്നും അക്കാര്യം രജിസ്റ്ററിൽ എഴുതാൻ വിട്ടുപോയതാണെന്നുമുള്ള ശ്രീ ഷൈജുവിന്റെ മറുപടി തൃപ്തികരമല്ലാത്തതാണ്. ശ്രീ രാജശേഖരൻ സേവനത്തിൽ നിന്നും 2014-ൽ വിരമിച്ചിട്ടുള്ളതാണ്.

7. മേൽ സാഹചര്യത്തിൽ കൊല്ലം നഗരസഭയിൽ 09/09/2013-ൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളെത്തുടർന്ന് ടി നഗരസഭയിലെ ജീവനക്കാർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി ചുവടേ കാണുംവിധം തീർപ്പാക്കി ഉത്തരവാകുന്നു.

**a)** ശ്രീ എസ് കലാകുമാരി, എൽ.ഡി.സി., ശ്രീ. ആർ സുബി, ക്ലാർക്ക്, ശ്രീ. റ്റി അനിൽകുമാർ, ബിൽ കളക്ടർ, ശ്രീ പി മധു, ബിൽ കളക്ടർ എന്നിവർക്കെതിരായ അച്ചടക്ക നടപടി 'സെൻഷ്വർ' നൽകി തീർപ്പാക്കുന്നു.

**b)** ജനറൽ സെക്ഷൻ സൂപ്രണ്ട് ശ്രീമതി ലക്ഷ്മി, ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ ഷിജിൽ കുമാർ, ക്ലാർക്ക് ശ്രീ എസ് ഷൈജു, എന്നിവർക്കെതിരായ അച്ചടക്ക നടപടി ടിയാളുകളുടെ ഒരു വാർഷിക വേതനവർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കുന്നു.

**c)** ശ്രീ. ജി. ശശിധരൻപിള്ള, കൗൺസിൽ സെക്രട്ടറി, ശ്രീ.കെ. മനോഹരൻ, സൂപ്രണ്ട്,ശ്രീ.ബി. വരദരാജൻ, സൂപ്രണ്ട്, ശ്രീ സി രാജശേഖരൻ സൂപ്രണ്ട് ശ്രീമതി. എസ് ഷീല, നഴ്സറി ടീച്ചർ. ശ്രീ കെ.ജി ജേക്കബ്ബ്, സൂപ്രണ്ട്,. ശ്രീ ജി അനി, ഓഫീസ് അറ്റൻഡന്റ് ശ്രീ ജി രവീന്ദ്രൻ നായർ, റവന്യൂ ഇൻസ്പെക്ടർ ശ്രീമതി.റ്റി.മാലിനി, ഓഫീസ് അറ്റൻഡന്റ് എന്നിവർക്കെതിരായ അച്ചടക്ക നടപടിയിൽ തുടർ നടപടികൾ അവസാനിപ്പിച്ച് തീർപ്പാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. ജി. ശശിധരൻപിള്ള, കൗൺസിൽ സെക്രട്ടറി, കൊല്ലം നഗരസഭ

ശ്രീ.കെ. മനോഹരൻ, സൂപ്രണ്ട്,കൊല്ലം നഗരസഭ
ശ്രീ.ബി. വരദരാജൻ, സൂപ്രണ്ട്, കൊല്ലം നഗരസഭ
ശ്രീ സി രാജശേഖരൻ സൂപ്രണ്ട് കൊല്ലം നഗരസഭ
ശ്രീമതി. എസ് ഷീല, നഴ്സറി ടീച്ചർ. കൊല്ലം നഗരസഭ
ശ്രീ കെ.ജി ജേക്കബ്ബ്, സൂപ്രണ്ട്,. കൊല്ലം നഗരസഭ
ശ്രീ ജി അനി, ഓഫീസ് അറ്റൻഡന്റ് കൊല്ലം നഗരസഭ
ശ്രീ ജി രവീന്ദ്രൻ നായർ, റവന്യൂ ഇൻസ്പെക്ടർ കൊല്ലം നഗരസഭ
ശ്രീമതി.റ്റി.മാലിനി, ഓഫീസ് അറ്റൻഡന്റ് കൊല്ലം നഗരസഭ
ശ്രീ എസ് കലാകുമാരി, എൽ.ഡി.സി.,കൊല്ലം നഗരസഭ
ശ്രീ. ആർ സുബി, ക്ലാർക്ക്, കൊല്ലം നഗരസഭ
ശ്രീ. റ്റി അനിൽകുമാർ, ബിൽ കളക്ടർ, കൊല്ലം നഗരസഭ
ശ്രീ പി മധു, ബിൽ കളക്ടർ കൊല്ലം നഗരസഭ
ശ്രീമതി ലക്ഷ്മി എസ്.,ജനറൽ സെക്ഷൻ സൂപ്രണ്ട് കൊല്ലം നഗരസഭ
ശ്രീ ഷിജിൽ കുമാർ, ഹെൽത്ത് ഇൻസ്പെക്ടർ കൊല്ലം നഗരസഭ
ശ്രീ എസ് ഷൈജു, ക്ലാർക്ക് കൊല്ലം നഗരസഭ
വിജിലൻസ് വകുപ്പ്(27.12.2018 തീയതിയിലെ VIG D1/ 1143/ 2018- VIG നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ